"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഭവനനിർമ്മാണം - കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് - ഗൃഹശ്രീ ഭവന പദ്ധതി - 4 കോടി രൂപ റിലീസ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഭവനനിർമ്മാണ (എ) വകുപ്പ്

സ.ഉ.(സാധാ) നം.54/2024/HSG തീയതി,തിരുവനന്തപുരം, 11-09-2024

---

പരാമർശം:-

1. സ.ഉ.(സാധാ)നം.24/2024/HSG തീയതി 13.06.2024
2. കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറിയുടെ 27.05.2024, 14.08.2024 തീയതികളിലെ KSHB-HO/382/2024-AF1 നം. കത്തുകൾ

<u>ഉത്തരവ്</u>

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കുന്ന *ഗൃഹശ്രീ* ഭവന പദ്ധതിയ്ക്കായി 2024-25 സാമ്പത്തിക വർഷത്തിൽ 4216-80-190-96 (P) ശീർഷകത്തിൽ 13.50 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഗൃഹശ്രീ ഭവന പദ്ധതിക്ക് 2024-25 സാമ്പത്തിക വർഷം ബജറ്റിൽ വകയിരുത്തിയിരുന്ന 1350 ലക്ഷം രൂപയിൽ നിന്നും 622.5 ലക്ഷം രൂപ റിലീസ് ചെയ്ത് നൽകണമെന്ന് കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറി പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ 'ഗൃഹശ്രീ ഭവന പദ്ധതിക്ക്' 2024-25 സാമ്പത്തിക വർഷം 4216-80-190-96(P) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 13.50 കോടി രൂപയിൽ നിന്നും 4,00,00,000/- രൂപ (നാല് കോടി രൂപ മാത്രം) ചുവടെ പറയുന്ന വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി റിലീസ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. 16.04.2018-ലെ സ.ഉ.(പി)നം.62/2018/ധന-യിലെ വ്യവസ്ഥയ്ക്ക് വിധേയമായി ടി തുക ട്രഷറിയിലെ PSTSB അക്കൗണ്ടിൽ മാത്രമേ നിക്ഷേപിക്കാൻ പാടുള്ളൂ.
2. 09.12.2008-ലെ സർക്കുലർ നം.84/2008/ധന-യിലെയും 30.01.2018-ലെ സർക്കുലർ നം.08/2018/ധന-യിലെയും വ്യവസ്ഥകൾ കൃത്യമായും പാലിക്കേണ്ടതാണ്.
3. അനുവദിച്ച തുകയുടെ വിശദമായ ചെലവ് പത്രികയും 09.01.2020-ലെ സ.ഉ.(കൈ)നം.04/2020/ധന പ്രകാരമുള്ള ധനവിനിയോഗ സർട്ടിഫിക്കറ്റും തുടർന്നുള്ള റിലീസിന് മുമ്പ് സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.
4. വർഷാവസാനം വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്ന തുക സർക്കാർ അക്കൗണ്ടിലേയ്ക്ക് തിരിച്ചടക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

തരുൺ ലാൽ.എസ്

അഡിഷണൽ സെക്രട്ടറി

1. സെക്രട്ടറി, കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം/ തൃശ്ശൂർ
3. ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
4. ധനകാര്യ (PU-C) വകുപ്പ് (2858452/PU-C3/103/2024-FIN dated:07.09.2024)
5. പൊതുവിവര ജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
6. കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Krishnakumar S
Date: 11-09-2024 16:49:31

സെക്ഷൻ ഓഫീസർ